ഉത്തരം

(എ) 1994-ലെ കേരള ലോക്കൽ ഫണ്ട് ആഡിറ്റ് സെക്ഷൻ 9 (1) പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും അവസാനിച്ച്, നാലു മാസങ്ങൾക്കകം ജനകീയാസൂത്രണം ഉൾപ്പെടെയുള്ള വാർഷിക കണക്കുകൾ ആഡിറ്റിംഗിന് ഹാജരാക്കേണ്ടതാണ്.

(ബി) ജനകീയാസൂത്രണം സംബന്ധിച്ചുള്ള ആഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ വയ്ക്കണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് നിയമം അനുശാസിക്കുന്നില്ല. എന്നാൽ ഓരോ വർഷവും, ലോക്കൽ ഫണ്ട് ഡയറക്ടർ, സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സമാഹൃത റിപ്പോർട്ടുകൾ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകൾ നിയമസഭയിൽ വച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ ലഭിക്കുന്ന മുറയ്ക്ക് സമയ പരിധിക്കുള്ളിൽ തന്നെ ആഡിറ്റ് പൂർത്തിയാക്കാറുണ്ട്.

(ഡി) ഇല്ല.

ചേന്നങ്കര കരവാളം തോടിന്റെ നിർമ്മാണത്തിൽ ഉണ്ടായ ക്രമക്കേടുകൾ

41 (1332) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ചേന്നങ്കര കരവാളം തോടിന്റെ നിർമ്മാണത്തിൽ നടന്ന ക്രമക്കേടിൽ നഷ്ടം തിട്ടപ്പെടുത്തുന്നതിന് അന്വേഷണം നടത്തിയത് എന്നാണ് ; ഇതന്വേഷിച്ച സാങ്കേതിക വിദഗ്ദ്ധർ ആരെല്ലാം ;

(ബി) നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ നഷ്ടം ഉണ്ടാക്കിയതിനും, കൃത്യവിലോപം കാണിച്ചതിനും ഉത്തരവാദികൾ ആരെന്ന് വ്യക്തമാക്കുമോ ;

(ഡി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) കൊടുമൺ പഞ്ചായത്തിലെ ചേന്നങ്കര-കരവാളം തോടു നിർമ്മാണത്തിൽ അഴിമതി നടത്തിയവർ ആരൊക്കെയാണെന്നും ഇതുമൂലം ഗവണമെന്റിന് എത്രമാത്രം നഷ്ടം ഉണ്ടായി എന്ന് കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ 13-12-2000-ൽ ചീഫ് ടെക്നിക്കൽ എക്സാമിനറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വണ്ടൂർ ഗ്രാമപഞ്ചായത്തിലെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട അഴിമതി അന്വേഷണം

42 (1335) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടൂർ ഗ്രാമപഞ്ചായത്തിലെ ബസ്സ്റ്റാന്റ് നിർമ്മാണത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നടന്ന അഴിമതി അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി & സി) ഇതുമായി ബന്ധപ്പെട്ട് സെക്രട്ടറിമാരായിരുന്ന ശ്രീ. ടി. കെ. ഹരിലാൽ, ശ്രീ. ഇ. പി. അലവികുട്ടി, ശ്രീ. കെ. സി. ജോസഫ് എന്നിവർക്കെതിരെ വകുപ്പുതല നടപടികളുടെ ഭാഗമായി കുറ്റാരോപണ മെമ്മോ അയച്ചിട്ടുണ്ട്. ക്രമക്കേടുകളിൽ ഉൾപ്പെട്ടിട്ടുള്ള മറ്റുള്ളവർക്കെതിരെയും നടപടി സ്വീകരിച്ചു വരുന്നു.

കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റിംഗ് സെന്റർ ബസ് ഡിപ്പോയായി ഉയർത്തുന്നതിനു നടപടി

43 (1336) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റിംഗ് സെന്റർ ബസ് ഡിപ്പോയായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തിക സഹായം ചെയ്യുന്നതിലേയ്ക്കായി സമീപത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിവേദനത്തിന് അനുകൂലമായ ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരിശോധിച്ചു വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly